"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/വിജ്ഞാനമുദ്രണം പ്രസ്സ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബീന എസ്. നായർ, ശ്രീ. സുമേഷ്. വി. എസ് എന്നീ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.46/2026/CLAD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. സഉ(പി)നം.28/2016/ധന, തീയതി, 26.02.2016
2. സഉ(പി)നം.56/2017/ധന, തീയതി, 28.04.2017
3. സഉ(പി)നം.112/2018/ധന, തീയതി, 21.07.2018
4. സഉ(പി)നം.81/2019/ധന, തീയതി, 09.07.2019
5. സഉ(പി)നം.29/2021/ധന, തീയതി, 11.02.2021
6. സ.ഉ(അ)നം.54/2025/ധന തീയതി, 19.04.2025
7. സ.ഉ.(സാധാ)നം.161/2025/സാംകാവ, തീയതി, 23.03.2025
8. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 16.08.2025 -ലെ ഇ1/1811/2019/സിൽ നമ്പർ കത്ത്

**ഉത്തരവ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/വിജ്ഞാനമുദ്രണം പ്രസ്സ് എന്നിവിടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ബീന എസ് നായർ (എൽ.ഡി കോപ്പിഹോൾഡർ), ശ്രീ. സുമേഷ്. വി. എസ് (പ്യൂൺ(/പായ്ക്കർ) എന്നീ ജീവനക്കാരുടെ കരാർ കാലാവധി 21.10.2025 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ ഒരു വർഷത്തേക്കു കൂടി കരാർ ദീർഘിപ്പിക്കുന്നതിനായി ടി ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ടെന്നും അവരുടെ കരാർ കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/വിജ്ഞാനമുദ്രണം പ്രസ്സ് എന്നിവിടങ്ങളിൽ കരാർ

അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ശ്രീമതി. ബീന എസ് നായർ (എൽ.ഡി കോപ്പി ഹോൾഡർ), ശ്രീ. സുമേഷ് വി.എസ്. (പ്യൂൺ/പായ്ക്കർ) എന്നിവരുടെ **21.10.2025**-ന് അവസാനിച്ച കരാർ കാലാവധി, കരാർ ദിവസവേതനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശ വാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, **22.10.2025**-ന് ഒരു ദിവസം ബ്രേക്ക് നൽകി **23.10.2025** മുതൽ **22.10.2026** വരെ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേല്പറഞ്ഞ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കരാർ വ്യവസ്ഥകൾ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതും സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. കരാർ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി. ഒ., തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (**23.12.2025**-ലെ **2009830 EDN-C3/56/2022-FIN** ) നമ്പർ കുറിപ്പ് പ്രകാരം
ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ(**C1/154/2025/CLAD**)/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 20-01-2026 10:33:52
സെക്ഷൻ ഓഫീസർ

പകർപ്പ്:-സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി എസ്. ന്